# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 84 — 10.06.2019-ൽ മറുപടിയ്ക്ക്.

## വന്യജീവികളുടെ ആക്രമണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.സ്വരാജ്<br>ശ്രീ.ഒ.ആർ.കേളു<br>ശ്രീ.കെ.ഡി.പ്രസേനൻ<br>ശ്രീ.കാരാട്ട് റസാഖ് | അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) പകൽ സമയത്തുപോലും കടുവയുടെയും കാട്ടാനയുടെയും ആക്രമണങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ വന്യമൃഗങ്ങൾ മനുഷ്യവാസമേഖലകളിൽ പ്രവേശിക്കുന്നത് തടയുന്നതിനായി ചെയ്തുവരുന്ന കാര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) വന്യമൃഗങ്ങൾ മനുഷ്യവാസ മേഖലകളിൽ പ്രവേശിക്കുന്നത് തടയുന്നതിനായി വനം വകുപ്പ് താഴെ പറയുന്ന പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1. വനാതിർത്തിയിൽ വന്യമൃഗങ്ങൾ മനുഷ്യവാസ പ്രദേശങ്ങളിലേയ്ക്ക് ഇറങ്ങുന്നത് പ്രതിരോധിക്കുന്നതിലേയ്ക്കായി സൗരോർജ്ജ വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ, ക്രാഷ് ഗാർഡ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ് തുടങ്ങിയവയുടെ നിർമ്മാണം. സംസ്ഥാനത്ത് 2017-18 വരെ ഉദ്ദേശം 2100 കി.മീ. നീളത്തിൽ സൗരോർജ്ജ വേലി, 618 കി.മീ. നീളം ആന പ്രതിരോധ കിടങ്ങുകൾ, 177 കി.മീ. ആന പ്രതിരോധ മതിൽ, 6 കി.മീ. കല്ലുകെട്ടിയ കിടങ്ങുകൾ (stone pitched trenches), 26 കി.മീ. ജൈവവേലി, 248 കി.മീ. കയ്യാല എന്നിവ നിർമ്മിച്ചിട്ടുണ്ട്.<br><br>2. വനത്തിനു പുറത്തേക്ക് വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചു വിടുന്നതിനുള്ള സംവിധാനത്തോടെ പ്രവർത്തിക്കുന്ന റാപ്പിഡ് റെസ്പോൺസ് ടീമുകൾ.<br><br>3. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.<br><br>4. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന |

വന്യജീവികളെ മയക്കുവെടിവച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വന മേഖലയിലേയ്ക്ക് റീ-ലൊക്കേറ്റ് ചെയ്യൽ

5. പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ് മുഖാന്തിരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.

6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.

7. വന്യജീവി ആക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെൻറുകളിൽനിന്നും കുടുംബങ്ങളെ അവരുടെ സമ്മതത്തോടെ നഷ്ടപരിഹാരം നൽകി മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ.

8. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക്ഡാമുകളും നിർമ്മിക്കുന്നതിനും വനവത്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

9. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ.

(ബി) വനത്തിനുള്ളിൽ മൃഗങ്ങൾക്ക് അനുയോജ്യമായ ആവാസവ്യവസ്ഥ പരിപാലിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) സംരക്ഷിത വന പ്രദേശങ്ങളിൽ മൃഗങ്ങൾക്ക് അനുയോജ്യമായ ആവാസ വ്യവസ്ഥ പരിപാലിക്കുന്നതിനും, പരിപോഷിപ്പിക്കുന്നതിനും വേണ്ടി കേന്ദ്ര ധന സഹായത്തോടെ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ 15 വന്യജീവി സങ്കേതങ്ങളുടെയും, പെരിയാർ ഉൾപ്പെടെ 6 ദേശീയോദ്യാനങ്ങളുടെയും 2 ടൈഗർ റിസർവ്വുകളുടെയും, ഒരു കമ്മ്യൂണിറ്റി റിസർവ്വിൻറെയും വികസന സംരക്ഷണ പ്രവർത്തനങ്ങളും ദൈനംദിന പ്രവർത്തനങ്ങളും എന്നിവ കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേനയാണ് നടപ്പിലാക്കി വരുന്നത്. ഇതു കൂടാതെ കാട്ടാനകളുടെ ആവാസ വ്യവസ്ഥയുടെ പരിപാലനത്തിനായി പ്രോജക്ട് എലിഫൻറ് സ്കീമും, കടുവകളുടെ സംരക്ഷണത്തിനായി പ്രോജക്ട് ടൈഗർ സ്കീമും നടപ്പിലാക്കുന്നു. സ്വാഭാവിക വനങ്ങളുടെ പരിചരണം, വന്യമൃഗങ്ങളുടെ ആവാസ വ്യവസ്ഥയുടെ പുഷ്ടീകരണം, വനത്തിനുള്ളിൽ മൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പാക്കൽ, സ്വാഭാവിക വനങ്ങളുടെ പുനരുജ്ജീവനം തുടങ്ങിയ ഈ പദ്ധതികളിൽ ഉൾപ്പെടുത്തി ചെയ്തു വരുന്നു. മറ്റു വന പ്രദേശങ്ങൾ സംസ്ഥാനത്തിൻറെ വിവിധ പദ്ധതി-പദ്ധതിയിതര വിഹിതങ്ങളിൽ ഉൾപ്പെടുത്തി വന്യജീവി പരിപാലന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

ഇവ കൂടാതെ, കേരളത്തിൽ കാലങ്ങളായി പലവിധ കാരണങ്ങൾ കൊണ്ട് അംഗസംഖ്യ കുറഞ്ഞു വരുന്നതും അന്യം നിന്നുപോകൽ ഭീഷണി നേരിടുന്നതുമായ, വരയാടുകളുടെയും വയനാട്ടിൽ കണ്ടു വരുന്ന വൾച്ചർ (കഴുകൻ) എന്നിവയുടെ സംരക്ഷണത്തിനായി റിക്കവറി പ്രോഗ്രാം ഓഫ് നീലഗിരി താർ, റിക്കവറി പ്രോഗ്രാം ഓഫ് വൾച്ചർ ഇൻ വയനാട് വൈൽഡ്ലൈഫ് സാങ്ചറി എന്നിവയും നടപ്പിലാക്കി വരുന്നു.

| | |
|---|---|
| (സി) സംസ്ഥാനത്ത് ആനത്താര പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (സി) സംസ്ഥാനത്ത് ആനത്താര പദ്ധതി നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിഗണനയിൽ ഉണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും, വന്യജീവികളുടെ പ്രത്യേകിച്ചും ആനകളുടെ സ്വതന്ത്രമായ സഞ്ചാരത്തിനായി ഭിന്നിച്ചുപോയ വനഭാഗങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്നതിന് വന്യജീവി ഇടനാഴികൾ സൃഷ്ടിക്കുന്നതിനായി "ഗ്രേറ്റ് വൈൽഡ് ലൈഫ് കോറിഡോർ" എന്ന പേരിൽ ഒരു പദ്ധതി 25.01.2019 ലെ ഗവർണേഴ്സ് അഡ്രസ്സിൽ പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യ പ്രസിദ്ധീകരിച്ച "റൈറ്റ് ഓഫ് പാസ്സേജ് - എലിഫൻറ് കോറിഡോഴ്സ് ഓഫ് ഇന്ത്യ" എന്ന പുസ്തകത്തിൽ കേരളത്തിൽ 7 ആനത്താരകൾ ഉള്ളതായി പ്രതിപാദിച്ചിട്ടുണ്ട്. കൊട്ടിയൂർ-പേരിയ, ബേഗൂർ-ബ്രഹ്മഗിരി, നിലമ്പൂർ-അപ്പൻകാപ്പ്, പേരിയ-പക്രന്തളം, തിരുനെല്ലി-കുദ്രക്കോട്, നിലമ്പൂർ കോവിലകം-ന്യൂ അമരമ്പലം, മുതുമലൈ-നിലമ്പൂർ വഴി ഒ വാലി എന്നിവയാണ് ഈ ആനത്താരകൾ. ഇതിൽ തിരുനെല്ലി-കുദ്രക്കോട് ആനത്താരയ്ക്ക് വേണ്ടിയുള്ള 18 ഏക്കർ സ്ഥലം ഏറ്റെടുക്കുകയും റിസർവ് വനമായി വിജ്ഞാപനം ചെയ്യുകയും ചെയ്തിട്ടുണ്ട്. കൊട്ടിയൂർ-പേരിയ, ബേഗൂർ-ബ്രഹ്മഗിരി, നിലമ്പൂർ-അപ്പൻകാപ്പ്, പേരിയ-പക്രന്തളം എന്നീ 4 ആനത്താരകളിൽ ആനകളുടെ സ്വതന്ത്രമായ സഞ്ചാരപഥത്തിനായി 350.8937 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതായി വരും. നിലമ്പൂർ കോവിലകം-ന്യൂ അമരമ്പലം, മുതുമലൈ-നിലമ്പൂർ വഴി ഒ വാലി എന്നീ ആനത്താരകൾക്ക് സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടില്ല. |

(ഡി) വനത്തിനുള്ളിൽ വസിക്കുന്ന പട്ടിക ഗോത്രവർഗ്ഗക്കാർ സ്വമേധയാ മാറി താമസിക്കാൻ ആഗ്രഹം പ്രകടിപ്പിച്ചാൽ അവരെ സുരക്ഷിതസ്ഥലങ്ങളിലേക്ക് മാറ്റിപ്പാർപ്പിക്കുന്ന പദ്ധതി പ്രാവർത്തികമാക്കുമോ എന്നറിയിക്കാമോ?

(ഡി) വനത്തിനുള്ളിൽ താമസിക്കുന്ന പട്ടിക ഗോത്ര വർഗ്ഗക്കാർ ഉൾപ്പെടെയുള്ളവർക്ക് സ്വമേധയാ മാറി താമസിക്കുന്നതിനുള്ള അവസരം നൽകുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്താഭിമുഖ്യത്തിൽ 2012 മുതൽ നടന്നു വരുന്നുണ്ട്. ഈ പദ്ധതി പ്രകാരം വയനാട് വന്യജീവി സങ്കേതത്തിൽനിന്നും 339-ഓളം കുടുംബങ്ങളെ മാറ്റി പാർപ്പിച്ചിട്ടുണ്ട്. വനമേഖലകളിൽനിന്നും സ്വയം സന്നദ്ധരായി മുന്നോട്ടു വരുന്ന കൂടുതൽ ആൾക്കാരെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ